**വിജ്ഞാപനം**

**അനുബന്ധം-11**

**കേരളസർക്കാർ**

**കോളേജ് വിദ്യാഭ്യാസവകുപ്പ്**

**ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള**

**പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് സ്കീം**

കേന്ദ്രഗവൺമെന്റിന്റെ സെക്ഷൻ 2(സി) പ്രകാരം 1992ലെ മൈനോറിറ്റീസ് നാഷണൽ കമ്മിഷൻ ആക്ട് ആനുസരിച്ച് കേരളത്തിലെ ന്യൂനപക്ഷസമുദായങ്ങളിൽ(മുസ്ലീം/ ക്രിസ്ത്യൻ) പ്പെട്ടവരും, 2008-2009ൽ പതിനൊന്നാം ക്ലാസ്സുമുതൽ പി.എച്ച്.ഡി വരെയും, എൻ.സി.വി.ടിയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്/ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, 11,12,ക്ലാസ്സുകളിലെ ടെക്നിക്കൽ/ വൊക്കേഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവരും സർക്കാർ/സർക്കാർ അംഗീകൃത സ്കൂളുകൾ/കോളേജുകൾ/ ഇൻസ്റ്റിട്ട്യൂട്ടുകൾ എന്നിവയിൽ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്നവരുമായ വിദ്യാർത്ഥികളിൽനിന്നും ഭാരതസർക്കാരിന്റെ ന്യൂനപക്ഷവകുപ്പ് നൽകുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകൾക്ഷണിക്കുന്നു. മെറിറ്റ്കംമീൻസ് സ്കോളർഷിപ്പിനു അപേക്ഷിക്കാവുന്ന കോഴ്സുകളുടെ പട്ടിക അനുബന്ധം ചേർത്തിട്ടു്.ഈ കോഴ്സുകൾ ഒഴിച്ച് മേൽ പറഞ്ഞിട്ടുള്ള എല്ലാ കോഴ്സുകൾക്കും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ 2008 ആഗസ്റ്റ് മാസം 31-ാം തീയതിയ്ക്ക് മുൻപ് പഠിക്കുന്ന സ്ഥാപനത്തിലെ തലവൻ മുഖേന സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ കോളേജ് വിദ്യാഭ്യാസ വകുപ്പ്(അനക്സ്) സംസ്കൃത കോളേജ് കാമ്പസ്,പാളയം തിരുവനന്തപുരം എന്ന വിലാസത്തിൽ എത്തിക്കേതാണ്.

**ലക്ഷ്യം:**

ന്യൂനപക്ഷസമുദായങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും XI മുതൽ പി.എച്ച്.ഡി പഠിക്കുന്ന പ്രഗൽഭരായ കുട്ടികൾക്കും 11,12 ക്ലാസ്സുകളിലെ ടെക്നിക്കൽ/ വൊക്കേഷണൽ കോഴ്സുകൾക്കും പഠിക്കുന്നകുട്ടികൾക്കും നൽകുന്ന അവാർഡ്.

**സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

**(എ)** ഇന്ത്യയിൽ പഠിക്കുന്നകുട്ടികൾക്ക് മാത്രമേ ഈ സ്കോളർഷിപ്പ് ലഭിയ്ക്കുകയുള്ളു.

**(ബി)** മുൻവർഷത്തെ അവസാനപരീക്ഷയ്ക്ക് 50% മാർക്ക് നേടിയ വിദ്യാർത്ഥിയ്ക്ക് അപേക്ഷിയ്ക്കാം ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള രക്ഷിതാക്കളുടെ കുട്ടികളുടെ അപേക്ഷ ഏറ്റവും താഴ്ന്ന വരുമാനം നോക്കി മുൻഗണന നൽകുന്നതാണ്.

**(സി)** ഈ സ്കോളർഷിപ്പ് ലഭിയ്ക്കുന്ന കുട്ടിക്ക് ഒരേ കോഴ്സിൽ തന്നെ തുടർന്നു പഠിക്കുന്നതിലേയ്ക്ക് മറ്റു സ്കോളർഷിപ്പോ/ സ്റ്റൈപെന്റോ സ്വീകരിക്കുവാൻ പാടില്ല.

**(ഡി)** അച്ഛനോ അമ്മയോ അല്ലങ്കിൽ രക്ഷിതാവിന്റെ വാർഷികവരുമാനം 2 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

**(ഇ)** സ്കോളർഷിപ്പിന്റെ 30% പെൺ കുട്ടികൾക്കായി മാറ്റിവച്ചിട്ട്. പെൺകുട്ടികളുടെ അപേക്ഷകൾ 30 ശതമാനത്തിൽ കുറയുകയാണങ്കിൽ അവർക്ക് മാറ്റിവയ്ക്കപ്പെട്ടവ യോഗ്യതയുള്ള മറ്റു ആൺ കുട്ടികൾക്ക് നൽകുന്നതാണ്.

**(എഫ്)** ഒരു കുടുംബത്തിൽപ്പെട്ട രു കുട്ടികളിൽ കൂടുതൽ പേർക്ക് സ്കോളർഷിപ്പ് നൽകുന്നതല്ല.

**സ്കോളർഷിപ്പ് നിരക്ക്:** ട്യൂഷ്യൻ ഫീസും കോഴ്സ് ഫീസും മെയിൻറ്റനൻസ് അലവൻസും താഴെ പറയും പ്രകാരം ഓരോ ഇനത്തിന് നേരെയും പരമാവധി തുകയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ഹോസ്റ്റലിൽ താമസിച്ച് പഠിയ്ക്കുന്നവർ | വീട്ടിൽ നിന്ന് പോയി പഠിയ്ക്കുന്നവർ |
|---|---|---|---|
| 1 | പതിനൊന്ന് പന്ത്ര് എന്നീ ക്ലാസ്സുകളിലേയ്ക്കുള്ള പ്രവേശന ഫീസും, പഠനഫീസും | ഒരു വർഷ ത്തേയ്ക്ക് പരമാവധി തുക 7000 രൂപ | ഒരു വർഷ ത്തേയ്ക്ക് പരമാവധി തുക 7000 രൂപ |
| 2 | പതിനൊന്നും പന്ത്രും ലെവലിലെ ടെക്നിക്കൽ വൊക്കേഷണൽ കോഴ്സുകൾക്കുള്ള പ്രവേശന/പഠനകോഴ്സ് ഫീസ് (റോ മെറ്റീരിയൽസിനുള്ള ഫീസും ചെലവും ഉൾപ്പെടെ) | ഒരു വർഷത്തേയ്ക്ക് പരമാവധി 10000/ രൂപ | ഒരു വർഷത്തേയ്ക്ക് പരമാവധി 10000/ രൂപ |
| 3 | ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക് ഒരു വർഷത്തേയ്ക്കുള്ള പ്രവേശന ഫീസും ട്യൂഷൻ ഫീസും | ഒരു വർഷത്തേയ്ക്ക് പരമാവധി 3000 രൂപ | ഒരു വർഷത്തേയ്ക്ക് പരമാവധി 3000 രൂപ |
| 4 | ഒരു അദ്ധ്യായന വർഷത്തിൽ 10 മാസത്തേയ്ക്ക് മാത്രം പഠന ഉപകരണങ്ങൾക്കുള്ള ചെലവുൾപ്പെടെയുള്ള മെയിന്റനൻസ് അലവൻസ് | | |
| | (i)ഇതേലെവലിലുള്ള പതിനൊന്നും, പന്ത്രും ലെവലിലുള്ള ടെക്നിക്കൽ/ വൊക്ഷേണൽ കോഴ്സുകൾ ഉൾപ്പെടെ | പ്രതിമാസം 235 രൂപ | പ്രതിമാസം 140 രൂപ |
| | ii)ബിരുദ/ ബിരുദാനന്തര കോഴ്സുകൾക്ക് | പ്രതിമാസം 355 രൂപ | പ്രതിമാസം 185 രൂപ |
| | (iii)ഏംഫിൽ, പി.എച്ച്.ഡി കോഴ്സുകൾക്ക് (സർവ്വകലാശാലകളിൽ നിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ ഫെലോഷിപ്പുകൾ ലഭിയ്ക്കാത്തവർക്ക്) | പ്രതിമാസം 510 രൂപ | പ്രതിമാസം 330 രൂപ |

ഹോസ്റ്റലിൽ താമസിക്കുന്നവർ എന്നു പറഞ്ഞാൽ സ്ക്കൂൾ / സ്ഥാപനങ്ങൾ ഹോസ്റ്റലിൽ താമസിക്കുന്നവരാണ്. അല്ലാതെ പേയിങ്ങ് ഗസ്റ്റായോ വാടകയ്ക്കോ താമസിക്കുന്നവരെ ഹോസ്റ്റലർ ആയി കണക്കുന്നതല്ല.